21.09.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 02-02-07

# പരമാത്മ പ്രാപ്തികളാൽ സമ്പന്നനായ ആത്മാവിന്റെ അടയാളമാണ് ഹോളിയസ്റ്റ്, ഹൈയ്യസ്റ്റ്, റിച്ചസ്റ്റ്.

ഇന്ന് വിശ്വപരിവർത്തകനായ ബാപ്ദാദ തന്റെ കൂട്ടുകാരായ കുട്ടികളുമായി മിലനത്തിനു വന്നതാണ്. ഓരോ കുട്ടിയുടെയും മസ്തകത്തിൽ മൂന്നു പരമാത്മ വിശേഷ പ്രാപ്തികൾ കാണുന്നുണ്ട്. ഒന്നാണ് ഹോളിയസ്റ്റ്, 2 ഹൈയ്യസ്റ്റ്, 3 റിച്ചസ്റ്റ് . ഈ ജ്ഞാനത്തിന്റെ അടിത്തറ ഹോളി അതായത് പവിത്രമാകുകയാണ്. ഓരോ കുട്ടിയും ഹോളിയസ്റ്റ് ആണ്, ബ്രഹ്മചര്യം മാത്രമല്ല പവിത്രത, മനസ്സ്-വാക്ക്-കർമ്മത്തിലും, സംബന്ധ സമ്പർക്കത്തിലും പവിത്രത വേണം. നിങ്ങളെ നോക്കൂ,പരമാത്മ ബ്രാഹ്മണാത്മാക്കളായ നിങ്ങൾ ആദി-മധ്യ-അന്ത്യം ഹോളിയസ്റ്റ് ആയിട്ടാണ് ഇരിക്കുന്നത്. ഏറ്റവുമാദ്യം ആത്മാവ് പരംധാമിൽ ഇരിക്കുമ്പോൾ അവിടെയും ഹോളിയസ്റ്റ് ആണ്, പിന്നീട് ആദിയിൽ വരുമ്പോൾ ആദികാലത്തിൽ ദേവതാ രൂപത്തിൽ ഹോളിയസ്റ്റ് ആത്മാക്കളായിരുന്നു. ഹോളിയസ്റ്റ് അർത്ഥം പവിത്ര ആത്മാക്കളുടെ വിശേഷതയാണ്-പ്രവൃത്തിയിൽ ഇരിക്കുമ്പോഴും സമ്പൂർണ്ണ പവിത്രമായിരിക്കുക. മറ്റുള്ളവരും പവിത്രമാകുന്നുണ്ട് പക്ഷെ നിങ്ങളുടെ പവിത്രതയുടെ വിശേഷതയാണ്-സ്വപ്നത്തിൽ പോലും അപവിത്രത മനസ്സിനെയും ബുദ്ധിയെയും സ്പർശിക്കരുത്. സത്യയുഗത്തിൽ ആത്മാവും പവിത്രമാണ് നിങ്ങളുടെ ശരീരവും പവിത്രമായതാണ്.ദേവാത്മ രൂപത്തിൽ നിങ്ങളുടെ ആത്മാവും ശരീരവും രണ്ടും പവിത്രമായിരിക്കുന്നതാണ് ശ്രേഷ്ഠമായ പവിത്രത. എത്രത്തോളം ഹോളിയസ്റ്റ് ആകുന്നുണ്ടോ അത്രയും ഹൈയ്യസ്റ്റും ആകും. ഏറ്റവും ഉയർന്നതിലും ഉയർന്നതാണ് ബ്രാഹ്മണ ആത്മാക്കൾ ഉയർന്നതിലും ഉയർന്ന ബാബയുടെ കുട്ടികളായി. ആദിയിൽ പരന്ധാമിലും ഹൈയ്യസ്റ്റ് അർത്ഥം ബാബയുടെ കൂടെയാണ് ഇരിക്കുന്നത്.മധ്യത്തിലും പൂജ്യത്മാക്കൾ ആകുന്നു.എത്ര സുന്ദരമായ ക്ഷേത്രങ്ങളാണ് നിർമ്മിക്കുന്നത്, എത്ര വിധിപൂർവ്വമാണ് പൂജകൾ ചെയ്യുന്നത്. എത്ര വിധിപൂർവ്വമാണ് ദേവതകളായ നിങ്ങളുടെ ക്ഷേത്രങ്ങളിൽ പൂജ നടക്കുന്നത്, മറ്റുള്ളവരുടെയും ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നു പക്ഷെ വിധി പൂർവ്വമുള്ള പൂജ ലഭിക്കുന്നത് നിങ്ങളുടെ ദേവത രൂപത്തിനാണ്. ഹോളിയസ്റ്റ് ആണ്, ഹൈയ്യസ്റ്റ് ആണ് ഒപ്പം റിച്ചെസ്റ്റ് ആണ്. ലോകത്തിലുള്ളവർ പറയും റിച്ചസ്റ്റ് ഇൻ ദി വേൾഡ് എന്ന് പറയാറുണ്ട് ബ്രഹ്മണാത്മാക്കളായ നിങ്ങൾ പക്ഷെ മുഴുവൻ കല്പത്തിലെ റിച്ചസ്റ്റ് ആണ്. തന്റെ ഖജനാവ് സ്മൃതിയിൽ വരുന്നുണ്ട്, എത്ര ഖജനാവുകളുടെ അധികാരിയാണ്! ഈ ഒരു ജന്മത്തിൽ പ്രാപ്തമാക്കുന്ന അവിനാശിയായ ഖജനാവ് അനേകം ജന്മങ്ങളിൽ കൂടെ ഉണ്ടാകും. വേറെ ആരുടേയും ഖജനാവ് അനേകം ജന്മങ്ങളിൽ വരില്ല.നിങ്ങളുടെ ഖജനാവ് ആദ്ധ്യാത്മികമാണ്. ശക്തികളുടെ ഖജനാവ്,ജ്ഞാനത്തിന്റെ ഖജനാവ്, ഗുണങ്ങളുടെ ഖജനാവ്,ശ്രേഷ്ഠ സങ്കല്പങ്ങളുടെ ഖജനാവ്, വർത്തമാന സമയത്തിന്റെ ഖജനാവ്, ഈ സർവ്വ ഖജനാവുകളും ജന്മ ജന്മങ്ങൾ കൂടെ ഉണ്ടാകും . ഒരു ജന്മത്തിൽ പ്രാപ്തമായ ഖജനാവ് കൂടെയുണ്ടാകും കാരണം സർവ്വ ഖജനാവുകളുടെയും ദാതാവായ പരമാത്മാവിലൂടെയാണ് പ്രാപ്തമാകുന്നത്. നമ്മുടെ ഖജനാവുകൾ അവിനാശിയായതാണ് ഈ ലഹരി ഉണ്ടോ?

ഈ അവിനാശിയായ ഖജനാവുകൾ പ്രാപ്തമാക്കുവാനാണ് സഹജയോഗി ആയത്. ഓർമ്മയുടെ ശക്തിയിലൂടെയാണ് ഖജനാവ് ശേഖരിക്കുന്നത്. ഈ സമയത്തും ഈ സർവ്വ ഖജനാവുകളാലും സമ്പന്നനായ നിശ്ചിന്ത ചക്രവർത്തി ആണ്, എന്തെങ്കിലും ചിന്ത ഉണ്ടോ?ചിന്ത ഉണ്ടോ? ഈ ഖജനാവുകൾ കള്ളന് മോഷ്ടിക്കാൻ കഴിയില്ല, രാജാവിനും കഴിക്കാനാകില്ല, വെള്ളത്തിൽ മുങ്ങിപ്പോകുകയും ഇല്ല, അതിനാൽ നിശ്ചിന്ത ചക്രവർത്തിയാണ്. ഈ ഖജനാവ് സദാ സ്മൃതിയിലിരിക്കുന്നുണ്ടല്ലോ! ഓർമ്മ സഹജമാകുന്നത് എന്ത്കൊണ്ടാണ്? ഏറ്റവും കൂടുതൽ ഓർമ്മയ്ക്ക് ആധാരമാകുന്നത് ഒന്ന് സംബന്ധവും രണ്ടാമത്തേത് പ്രാപ്തിയുമാണ്. എത്ര പ്രീയപ്പെട്ട സംബന്ധം ആണോ അത്രയും ഓർമ്മ സ്വതവേ ഉണ്ടാകും. കാരണം സംബന്ധത്തിൽ സ്നേഹം ഉണ്ടാകുന്നു. സ്നേഹമുള്ളയിടത്ത് സ്നേഹിയായവരെ ഓർമ്മിക്കാൻ ബുദ്ധിമുട്ട് ഉണ്ടാകില്ല, എന്നാൽ മറക്കാൻ ബുദ്ധിമുട്ടായിരിക്കും. ബാബ സർവ്വ സംബന്ധങ്ങളുടെയും ആധാരമാക്കി. എല്ലാവരും സ്വയം സഹജയോഗിയാണെന്നു അനുഭവം ചെയ്യുന്നുണ്ടോ? അതോ കഠിന യോഗിയാണോ? സഹജമാണോ? ഇടയ്ക്ക് സഹജവും, ഇടയ്ക്ക് കഠിനവുമാണോ? ബാബയെ സംബന്ധത്തിലും സ്നേഹത്തിലുംകൂടി ഓർമ്മിക്കുകയാണെങ്കിൽ ഓർമ്മ പ്രയാസമുള്ളതാകില്ല.പ്രാപ്തികളെ ഓർമ്മിക്കൂ. സർവ്വ പ്രാപ്തികളുടെയും ദാതാവ് സർവ്വ പ്രാപ്തികളും നേടി തന്നു. നിങ്ങൾ സർവ്വ ഖജനാവുകളാലും സമ്പന്നരായി അനുഭവം ചെയ്യുന്നുണ്ടോ? ഖജനാവുകളെ ശേഖരിക്കാനുള്ള സഹജമായ വിധിയും ബാപ്ദാദ കേൾപ്പിച്ചു്-**അവിനാശിയായ ഏതെല്ലാം ഖജനാവുകൾ ഉണ്ടോ ആ ഖജനാവുകൾ എല്ലാം പ്രാപ്തമാക്കുന്നതിനുള്ള വിധിയാണ്-ബിന്ദു.** വിനാശിയായ ഖജനാവുകളും പൂജ്യം ചേർക്കുന്നതിലൂടെ വലുതാകുമല്ലോ.അവിനാശിയായ ഖജനാവും ശേഖരിക്കാനുള്ള വിധിയാണ് ബിന്ദു ഇടുക. മൂന്ന് ബിന്ദുക്കളാണു

ള്ളത് ഒന്നാണ് ആത്മാവാകുന്ന ബിന്ദു, ബാബയും ബിന്ദു, ഡ്രാമയിൽ ഏതെല്ലാം കഴിഞ്ഞു പോയോ അതിനു ഫുൾസ്റ്റോപ്പ് അതായത് ബിന്ദു. ബിന്ദു ഇടാൻ അറിയാമോ? ഏറ്റവും കൂടുതൽ സഹജമായ ചിഹ്നം ഏതാണ്? ബിന്ദു ഇടുന്നതല്ലേ! ആത്മാവ് ബിന്ദുവാണ്, ബാബയും ബിന്ദുവാണ്. ഈ സ്മൃതിയിലൂടെ സ്വതവേ ഖജനാവ് ശേഖരിക്കപ്പെടുന്നു. ബിന്ദുവിനെ സെക്കന്റിൽ ഓർമിക്കുമ്പോൾ എത്ര സന്തോഷം ഉണ്ടാകുന്നു! ഈ സർവ്വ ഖജനാവുകളും നിങ്ങളുടെ ബ്രാഹ്മണ ജീവിതത്തിന്റെ അധികാരമാണ്, കുട്ടി ആകുക എന്നാൽ അധികാരി ആകുകയാണ്. വിശേഷമായും മൂന്നു സംബന്ധങ്ങളുടെ അധികാരമാണ് പ്രാപ്തമാകുന്നത് പരമാത്മാവിനെ അച്ഛനാക്കി, ശിക്ഷകനും, സത്ഗുരുമാക്കി. ഈ മൂന്ന് സംബന്ധങ്ങളിലൂടെ പലനായും, പഠനത്തിലൂടെ വരുമാന മാർഗ്ഗവും, സത് ഗുരുവിലൂടെ വരദാനവുമാണ് കിട്ടുന്നത്. എത്ര സഹജമായ വരദാനമാണ് കിട്ടുന്നത്. ബാബയുടെ വരദാനം പ്രാപ്തമാക്കുന്നത് കുട്ടികളുടെ ജന്മ സിദ്ധമായ അധികാരമാണ്.

ബാപ്ദാദ ഓരോ കുട്ടികളുടെയും ശേഖരണത്തിന്റെ കണക്ക് പരിശോധിക്കുകയാണ്. നിങ്ങൾ എല്ലാവരും ഓരോ സമയത്തെയും ശേഖരണത്തിന്റെ കണക്ക് പരിശോധിക്കൂ. ശേഖരണം ഉണ്ടായോ ഇല്ലയോ,അതിന്റെ വിധിയാണ് ഏതെല്ലാം കർമ്മം ചെയ്തോ, ആ കർമ്മത്തിൽ സ്വയം സന്തുഷ്ടത, ആരുടെ ഒപ്പമാണോ കർമ്മം ചെയ്തത് അവർക്കും സന്തുഷ്ടത. രണ്ടുപേരും സന്തുഷ്ടമാണെങ്കിൽ മനസിലാക്കാം കർമ്മത്തിന്റെ കണക്ക് ശേഖരണമായി. സ്വയവും ആരുമായിട്ടാണോ സംബന്ധം ഉള്ളത്, അവർക്കും സന്തുഷ്ടത ഇല്ലെങ്കിൽ ശേഖരണം ഉണ്ടാകില്ല. ബാപ്ദാദ എല്ലാ കുട്ടികൾക്കും സമയത്തിന്റെ സൂചന തന്നുകൊണ്ടിരിക്കുന്നു. ഈ വർത്തമാന സമയം മുഴുവൻ കല്പത്തിലും ഏറ്റവും ശ്രേഷ്ഠമായ സമയമാണ്, ഈ സംഗമയുഗം തന്നെയാണ് ശ്രേഷ്ഠ കർമ്മങ്ങളുടെ വിത്ത് വിതയ്ക്കാനുള്ള സമയം. പ്രത്യക്ഷഫലം പ്രാപ്തമാക്കുന്നതിനുള്ള സമയമാണ്. ഈ സംഗമ സമയത്തിൽ ഓരോ നിമിഷവും ഏറ്റവും ശ്രേഷ്ഠമായതാണ്.എല്ലാവർക്കും ഒരു സെക്കന്റിൽ അശരീരീ സ്ഥിതിയിൽ സ്ഥിതി ചെയ്യാൻ കഴിയുമോ? ബാപ്ദാദ സഹജമായ വിധി കേൾപ്പിച്ചു, നിരന്തരം ഓർമ്മിയ്ക്കാൻ വേണ്ടി ഒരു വിധി ഉണ്ടാക്കൂ മുഴുവൻ ദിവസത്തിലും രണ്ടു വാക്കുകളാണ് എല്ലാവരും പറയുന്നത്,അനേകപ്രാവശ്യം പറയുന്ന ആ രണ്ടു വാക്കുകളാണ് ഞാൻ എന്റേത്.ഞാൻ എന്ന വാക്ക് പറയുമ്പോൾ ബാബ പരിചയം തന്നിട്ടുള്ളതാണ് ഞാൻ ആത്മാവാണ്. ഞാൻ എന്ന വാക്ക് എപ്പോൾ പറയുമ്പോഴും ഇത് ഓർമ്മിക്കൂ ഞാൻ ആത്മാവാണ്. ഞാൻ എന്ന് മാത്രം ചിന്തിക്കരുത്,ഞാൻ ആത്മാവാണ്, ഇത് കൂടെ ചിന്തിക്കൂ ഞാൻ ശ്രേഷ്ഠ ആത്മാവാണെന്നു നിങ്ങൾക്ക് അറിയുകയും ചെയ്യും, പരമാത്മ പാലനയ്ക്കുള്ളിരിക്കുന്ന ആത്മാവാണ്. എന്റേത് എന്ന വാക്ക് പറയുമ്പോൾ എന്റേത് ആരാണ്? എന്റെ ബാബ അതായത് പരമാത്മ പിതാവ്. ഞാൻ എന്റേത് എന്ന വാക്കുകൾ പറയുമ്പോൾ ഇത് കൂടെ ചേർക്കണം, ഞാൻ ആത്മാവാണ്, എന്റെ ബാബ.എത്രത്തോളം ബാബ എന്റേതാണ് എന്നത് വരുമ്പോൾ അത്രയും ഓർമ്മ സഹജമായി മാറും,കാരണം എന്റേത് ഒരിക്കലും മറക്കുകയില്ല. മുഴുവൻ ദിവസവും നോക്കിയാൽ എന്റേതാണ് ഓർമ്മ വരുന്നത്. ഈ വിധിയിലൂടെ സഹജ നിരന്തര യോഗിയാകാൻ കഴിയും.ബാപ്ദാദ ഓരോ കുട്ടിയെയും സ്വമാനത്തിന്റെ സീറ്റിലാണ് ഇരുത്തിയത്. സ്വമാനത്തിന്റെ ലിസ്റ്റ് സ്മൃതിയിൽ കൊണ്ട് വരുകയാണെങ്കിൽ അത് എത്ര നീണ്ടതാണ്. സ്വമാനത്തിൽ സ്ഥിതി ചെയ്താൽ ദേഹാഭിമാനം വരാൻ കഴിയില്ല. ദേഹാഭിമാനം അല്ലെങ്കിൽ സ്വമാനം ഏതെങ്കിലും ഒന്നാണ് ഉണ്ടാവുക. സ്വമാനത്തിന്റെ അർത്ഥമാണ് സ്വ അതായത് ആത്മാവിന്റെ ശ്രേഷ്ഠ സ്ഥിതിയുടെ സ്ഥാനം. എല്ലാവരും തന്റെ സ്വമനത്തിൽ സ്ഥിതി ചെയ്യുന്നുണ്ടോ? എത്രമാത്രം സ്വാമനത്തിൽ സ്ഥിതി ചെയ്യുന്നുണ്ടോ അത്രയും സ്വതവേ മറ്റുള്ളവർക്ക് ബഹുമാനം കൊടുക്കാൻ കഴിയും. സ്വമാനത്തിൽ സ്ഥിതി ചെയ്യുന്നത് എത്ര സഹജമാണ്.

എല്ലാവരും സന്തുഷ്ടരായാണോ ഇരിക്കുന്നത്.സന്തുഷതയുള്ളവർ മറ്റുള്ളവരെയും സന്തുഷ്ടരാക്കുന്നു . ബാപ്ദാദ സദാ പറയാറുണ്ട് മുഴുവൻ ദിവസത്തിലും സന്തോഷം ഒരിക്കലും നഷ്ടപ്പെടുത്തരുത്.എന്ത് കൊണ്ട്? സന്തോഷം അങ്ങനെയുള്ള വസ്തുവാണ് സന്തോഷത്തിൽ ആരോഗ്യം ഉണ്ട്, സമ്പത്ത് ഉണ്ട്, സന്തോഷം ഉണ്ട്. സന്തോഷം ഇല്ലെങ്കിൽ ജീവിതം വിരസമാകുന്നു. സന്തോഷത്തിനെയാണ് പറയുന്നത് സന്തോഷം പോലെ വേറൊരു ഖജനാവ് ഇല്ല. എത്ര ഖജനാവുകൾ ഉണ്ടെങ്കിലും സന്തോഷം ഇല്ലെങ്കിൽ ഖജനാവിൽ നിന്ന് പ്രാപ്തി ഉണ്ടാക്കാൻ കഴിയില്ല. സന്തോഷത്തിനെ കുറിച്ചാണ് പറയാറുള്ളത് സന്തോഷം പോലെ വേറൊരു ടോണിക്ക് ഇല്ല.സന്തോഷം സമ്പത്താണ്,സന്തോഷം ആരോഗ്യമാണ്, സന്തോഷം എന്നാണ് പേര് എങ്കിൽ ഹാപ്പിയാണ്. സന്തോഷത്തിൽ മൂന്നും ഉണ്ട്. ബാബ അവിനാശിയായ സന്തോഷത്തിന്റെ ഖജനാവാണ് നൽകുന്നത്, ബാബയുടെ ഖജനാവ് നഷ്ടപ്പെടുത്തരുത്.സദാ സന്തോഷത്തിൽ ഇരിക്കാറുണ്ടോ?

ബാപ്ദാദ ഗൃഹപാഠം തന്നിട്ടുണ്ട്, സന്തോഷമായിരിക്കണം,സന്തോഷം പങ്ക് വയ്ക്കണം, കൊടുക്കുമ്പോൾ ആദ്യം നമ്മുടെയടുത്ത് വർധിക്കുന്നു. സന്തോഷിപ്പിക്കുന്നതിനു മുൻപ് ആദ്യം സ്വയം സന്തോഷിക്കുന്നു . എല്ലാവരും ഗൃഹപാഠം ചെയ്തോ? ചെയ്തോ? ചെയ്തവർ കൈ ഉയർത്തു. ആരൊക്കെ ചെയ്തു സ

ന്തോഷമായിരിക്കണം, കാരണം വേണ്ട നിവാരണം ചെയ്യണം, പരിഹാര സ്വരൂപമാകണം. കൈ ഉയർത്തൂ . ഇപ്പോൾ ഇങ്ങനെ പറയില്ലല്ലോ ഇത് സംഭവിച്ചു പോയി! ബാപ്ദാദയുടെയടുത്ത് പല കുട്ടികളും തന്റെ റിസൾട്ട് എഴുതിയിട്ടുണ്ട്. ഞങ്ങൾ എത്രശതമാനം ഓകെ ആണ്. ലക്ഷ്യം വയ്ക്കുമ്പോൾ ലക്ഷ്യത്തിന്റെ ലക്ഷണം സ്വതവേ വരും. ശരി.

**ഡബിൾ വിദേശി സഹോദരി സഹോദരന്മാരോട് :–** വിദേശികൾ തന്റെ യഥാർത്ഥ വിദേശം മറക്കുന്നുണ്ടാകില്ല. യഥാർത്ഥത്തിൽ നിങ്ങൾ ഏത് ദേശത്തിലേതാണ്. അത് ഓർമ്മ ഉണ്ടാകുമല്ലോ, അതിനാലാണ് നിങ്ങളെ ഡബിൾ വിദേശികൾ എന്ന് പറയുന്നത്. വെറും വിദേശികൾ അല്ല, ഡബിൾ വിദേശി. നിങ്ങൾ നിങ്ങളുടെ മധുരമായ വീടിനെ ഒരിക്കലും മറക്കുകയില്ല.അപ്പോൾ എവിടെയാണ് വസിക്കുന്നത്? ബാപ്ദാദയുടെ ഹൃദയ സിംഹാസനസ്ഥരാണ്. ബാപ്ദാദ പറയുന്നു ചെറിയ ഏതെങ്കിലും സമസ്യ വന്നാലും, സമസ്യ അല്ല മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പേപ്പർ ആണ്. ബാപ്ദാദയുടെ ഹൃദയ സിംഹാസനം നിങ്ങളുടെ അധികാരമാണ്. ഹൃദയ സിംഹാസനസ്ഥർ ആയാൽ സമസ്യ കളിപ്പാട്ടം ആകും. സമസ്യകളെ ഭയപ്പെടില്ല, കളിക്കും. കളിപ്പാട്ടം ആണ്. എല്ലാവരും പറക്കുന്ന കലയിൽ ഉള്ളവർ അല്ലെ? പറക്കുന്ന കലയാണോ? അതോ നടക്കുന്നതാണോ? പറക്കുന്നവർ ആണോ അതോ നടക്കുന്നവർ ആണോ? പറക്കുന്നവർ കൈ ഉയർത്തൂ. പറക്കുന്നവർ. പകുതി മാത്രം കൈ ഉയർത്തുന്നു. പറക്കുന്നവർ ആണോ? ശരി. ഇടയ്ക്കിടയ്ക്ക് പറക്കുന്നത് ഉപേക്ഷിക്കാറുണ്ടോ? നടക്കുന്നുണ്ട് എന്നതല്ല, പലരും ബാപ് ദാദയോട് പറയുന്നു ഞങ്ങൾ വളരെ നല്ലതായിട്ടാണ് നടക്കുന്നത്. ബാപ്ദാദ ചോദിക്കുകയാണ് നടക്കുകയാണോ അതോ പറക്കുകയാണോ? ഇപ്പോൾ നടക്കേണ്ട സമയം അല്ല,പറക്കുന്ന സമയമാണ്. ഉന്മേഷത്തിന്റെ ഉത്സാഹത്തിന്റെ, ധൈര്യത്തിന്റെ ചിറകുകൾ ഓരോരുത്തർക്കും ഉണ്ട്.ചിറകുകൾ പറക്കാൻ ഉള്ളതാണ്. പറക്കുന്ന കലയിൽ പറക്കുകയാണോ എന്നത് പരിശോധിക്കണം. ശരിയാണ്, റിസൽട്ടിലും ബാപ്ദാദ കണ്ടു സെന്ററുകൾ വിദേശത്തും വർധിക്കുന്നുണ്ട്. ഇനിയും വർധിക്കും. ഏതുപോലെ ഡബിൾ വിദേശികൾ ആണോ അതുപോലെ ഡബിൾ സേവനമാണ്, മനസ്സിന്റെയും, വാക്കിന്റെയും ഒപ്പം ചെയ്തുകൊണ്ടിരിക്കൂ. മനസ്സാ ശക്തിയിലൂടെ ആത്മാക്കളുടെ ആത്മീയ വൃത്തി ഉണ്ടാക്കൂ.വായുമണ്ഡലം തയ്യാറാകു. ഇപ്പോൾ ദുഃഖം വർധിക്കുന്നത് കണ്ടു ദയ തോന്നുന്നില്ലേ? നിങ്ങളുടെ ജഡ ചിത്രങ്ങൾക്ക് മുന്നിൽ കരഞ്ഞു കൊണ്ടിരിക്കുന്നു, ദയ കാണിക്കൂ, ദയ കാണിക്കൂ, ഇപ്പോൾ ദയാലുവും കൃപാലുവും, ദയഹൃദയരും ആകൂ. തന്റെ മേൽ ദയ കാണിക്കൂ, അന്യ ആത്മാക്കളുടെ മേൽ ദയ കാണിക്കൂ. നല്ലതാണ് എല്ലാ സീസണിലും എല്ലാ അവസരത്തിലും വരുന്നുണ്ട്. എല്ലാവർക്കും ഈ സന്തോഷം ഉണ്ട്. പറന്നുകൊണ്ടിരിക്കൂ, പറത്തികൊണ്ടിരിക്കൂ. ശരി. റിസൽട്ടിലും കണ്ടു ഇപ്പോൾ സ്വയത്തെ പരിവർത്തനം ചെയ്യുന്നതിൽ വേഗം പോകുന്നുണ്ട്. സ്വപരിവർത്തനത്തിന്റെ ഗതിയാണ് വിശ്വ പരിവർത്തനത്തിന്റെ ഗതി വേഗത്തിലാക്കുന്നത്. ശരി.

**ആരാണോ ആദ്യമായി വന്നത് അവർ എഴുന്നേൽക്കൂ :–** താങ്കൾക്ക് എല്ലാവർക്കും ബ്രാഹ്മണ ജന്മത്തിന്റെ ആശംസകൾ. നല്ല മിഠായി ലഭിക്കും, ബാപ്ദാദ ദിൽഖുശ് മിഠായിയാണ് കഴിപ്പിക്കുന്നത്. ആദ്യമായി മധുബനിൽ വന്നപ്പോൾ ഉള്ള ഈ ദിൽഖുശ് മിഠായി സദാ ഓർമ്മയുണ്ടാകണം. ആ മിഠായികൾ വായിൽ ഇടുമ്പോൾ തീർന്നു പോകും എന്നാൽ ഈ ദിൽഖുശ് മിഠായി സദാ കൂടെ ഉണ്ടാകും. വന്നത് നന്നായി, ബാപ് ദാദയും മുഴുവൻ പരിവാരവും ദേശവിദേശങ്ങളിലെ നിങ്ങൾ സഹോദരങ്ങളെ കണ്ടു സന്തോഷിക്കുന്നു. എല്ലാവരും കാണുന്നുണ്ട്, അമേരിക്കയും കാണുന്നുണ്ട്, ആഫ്രിക്കയും കാണുന്നുണ്ട്, റഷ്യയിലുള്ളവരും കാണുന്നു, ലണ്ടനിൽ ഉള്ളവരും കാണുന്നു. 5 ഭൂഖണ്ഡങ്ങളിലും കാണുന്നുണ്ട്. നിങ്ങൾക്കെല്ലാവർക്കും അവിടെയിരുന്ന് ജന്മദിനത്തിന്റെ ആശംസകൾ തരുകയാണ്. ശരി.

ബാപ്ദാദയുടെ ആത്മീയ ഡ്രിൽ ഓർമ്മയുണ്ടല്ലോ! ഇപ്പോൾ ബാപ്ദാദ ഓരോ കുട്ടികളിൽ നിന്നും പുതിയവർ ആയാലും, പഴയവർ ആണെങ്കിലും,ചെറിയവർ ആണെങ്കിലും,വലിയവർ ആണെങ്കിലും, ചെറിയവർക്ക് പെട്ടെന്നു സമാനരാകാൻ സാധിക്കും.ഇപ്പോൾ സെക്കന്റിൽ മനസ്സ് എവിടെ നിർത്താൻ ആഗ്രഹിക്കുന്നോ മനസ്സ് അവിടെ ഏകാഗ്രമാകണം. സദാ ഈ ഏകാഗ്രതയുടെ ഡ്രിൽ ചെയ്തു കൊണ്ടിരിക്കൂ. ഇപ്പോൾ ഒരു സെക്കന്റിൽ മനസ്സിന്റെ അധികാരി ആയി എന്റെ ബാബയാണ് എന്റെ ലോകം, രണ്ടാമത് വേറെ ആരും ഇല്ല, ഈ ഏകാഗ്രതയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ. ശരി.

നാനാഭാഗത്തെയും സർവ്വ തീവ്ര പുരുഷാർത്ഥികളായ കുട്ടികൾക്ക് സദാ ഉന്മേഷത്തിന്റെയും ഉത്സാഹത്തിന്റെയും ചിറകുകളിലൂടെ പറക്കുന്ന കലയുടെ അനുഭവി മൂർത്തികളായ കുട്ടികൾക്ക്,സദാ ദയാ ഹൃദയരായി വിശ്വത്തിലെ ആത്മാക്കൾക്ക് മനസ്സാ ശക്തിയിലൂടെ സുഖത്തിന്റെയും ശാന്തിയുടെയും അഞ്ജലി നൽകുന്ന ദയാലുവും കൃപാലുവുമായ കുട്ടികൾക്ക്, സദാ ബാബയുടെ സ്നേഹത്തിൽ ലയിച്ചിരിക്കുന്ന ഹൃദയ സിംഹാസനസ്ഥരായ കുട്ടികൾക്ക് ബാപ് ദാദയുടെ സ്നേഹ സ്മരണകളും നമസ്തേയും .

ശരി എല്ലാവരും വളരെ വളരെ വളരെ സന്തോഷത്തിലാണ്, സന്തോഷമാണ്!വളരെ സന്തോഷം ഉണ്ടോ?

എങ്കിൽ സദാ അങ്ങനെയിരിക്കണം. എന്ത് വേണമെങ്കിലും നടക്കട്ടെ, ഇപ്പോൾ സന്തോഷത്തോടെയിരിക്കണം. നമുക്ക് പറക്കണം, ആർക്കും താഴേക്ക് കൊണ്ട് വരാൻ സാധിക്കില്ല.പക്കാ!പക്കാ വാഗ്ദാനം ആണോ? എത്ര പക്കാ ആണ്? സന്തോഷത്തോടെയിരിക്കൂ എല്ലാവർക്കും സന്തോഷം കൊടുക്കൂ. ഏതെങ്കിലും കാര്യം നല്ലതായി തോന്നിയില്ലെങ്കിൽ സന്തോഷം നഷ്ടമാക്കരുത്. കാര്യം നടക്കട്ടെ, സന്തോഷം നഷ്ടമാക്കരുത്. കാര്യം അവസാനിക്കും, എന്നാൽ സന്തോഷം കൂടെ വരുന്നതാണല്ലോ! ഏതൊന്നാണോ കൂടെ വരുന്നത് അത് ഉപേക്ഷിച്ചിട്ട് ഏതൊന്നാണോ കൂടെ വരാത്തത് കളയേണ്ടത് അതിനെ കൂടെ വയ്ക്കുന്നുണ്ടോ. അങ്ങനെ ചെയ്യരുത്. ദിവസവും അമൃതവേളയിൽ സ്വയത്തിനു സന്തോഷത്തിന്റെ ടോണിക്ക് കുടിപ്പിക്കണം. ശരി.

## വരദാനം:- സ്വീറ്റ് സൈലെൻസിന്റെ ലവ് ലീന സ്ഥിതിയിലൂടെ നഷ്ടോ മോഹ സമർത്ഥ സ്വരൂപമായി ഭവിക്കട്ടെ.

ദേഹം, ദേഹത്തിന്റെ സംബന്ധങ്ങൾ, ദേഹത്തിന്റെ സംസ്ക്കാരം,വ്യക്തി വൈഭവങ്ങൾ,വായുമണ്ഡലം, വൈബ്രേഷൻ എല്ലാം ഉണ്ടെങ്കിലും,നമ്മളിലേക്ക് ആകർഷിക്കരുത്. എല്ലാവരും ബഹളം ഉണ്ടാക്കിയാലും, നിങ്ങൾ അചഞ്ചലമായിരിക്കൂ. പ്രകൃതിയും മായയും എല്ലാം അവസാന ശക്തി കാണിക്കാനായി അതിലേക്ക് ആകർഷിച്ചാലും താങ്കൾ വേറിട്ടും ബാബയ്ക്ക് പ്രീയപെട്ടവരുമായിരിക്കുന്ന സ്ഥിതിയിൽ ലവ് ലീനരായിരിക്കണംഇതിനെയാണ് പറയുന്നത് കണ്ടിട്ടും കാണാതിരിക്കണം, കേട്ടിട്ടും കേൾക്കാതിരിക്കണം. ഇതാണ് സ്വീറ്റ് സൈലെൻസ് സ്വരൂപത്തിന്റെ ലവ് ലീനസ്ഥിതി, അങ്ങനെയുള്ള സ്ഥിതി വരുമ്പോൾ പറയാം നഷ്ടോ മോഹ സമർത്ഥ സ്വരൂപത്തിന്റെ വരദാനി ആത്മാവ്,

## സ്ലോഗൻ:- ഹോളി ഹംസം ആയി അവഗണങ്ങളാകുന്ന കല്ലുകൾ ഉപേക്ഷിച്ച് നന്മയുടെ മുത്തുകൾ എടുത്തുകൊണ്ടിരിക്കണം.

**അവ്യക്ത സൂചന- ഇപ്പോൾ സ്നേഹത്തിന്റെ അഗ്നി പ്രജ്വലിതമാക്കി യോഗം ജ്വാലാ രൂപമാക്കൂ.**
ജ്വാലാ രൂപമാകുന്നതിനായി ഈ വാക്ക് സദാ മുഴങ്ങണം ഇപ്പോൾ വീട്ടിലേക്ക് പോകണം. പോകണം എന്നാൽ ഉപരാമമായിരിക്കണം.ഇപ്പോൾ നമ്മുടെ നിരാകരിയായ വീട്ടിലേക്ക് പോകണം നമ്മുടെ വേഷം അതിനനുസരിച്ചാകണം. പോകണം,എല്ലാവരെയും കൂടെ കൊണ്ട് പോകണം ഈ സ്മൃതിയിലൂടെ സ്വതവേ സർവ്വ സംബന്ധങ്ങളും പ്രകൃതിയുടെ സർവ്വ ആകർഷണങ്ങളിൽ നിന്ന് ഉപരിയായി സാക്ഷി ആയിമാറും. സാക്ഷിയാകുന്നതിലൂടെ സഹജമായി ബാബയുടെ കൂട്ടകാരായി ബാബയ്ക്ക് സമാനാരാകും.

**സൂചന:-** ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ചയാണ്, എല്ലാ രാജയോഗി തപസ്വികളായ സഹോദരി സഹോദരന്മാരും വൈകുന്നേരം 6 .30 മുതൽ 7 .30 വരെ വിശേഷ യോഗാഭ്യാസത്തിന്റെ സമയത്ത് തന്റെ ആകാരി ഫരിശ്ത സ്വരൂപത്തിന്റെ സ്ഥിതിയിൽ സ്ഥിതി ചെയ്യണം. ഭക്തരുടെ വിളി കേട്ട് ഉപകാരം ചെയ്യൂ. മാസ്റ്റർ ദയാലുവും കൃപാലുവുമായി സർവ്വരിലും ദയയുടെ ദൃഷ്ടി വയ്ക്കൂ. മുക്തിയുടെയും ജീവൻ മുക്തിയുടെയും വരദാനം നൽകൂ.